# കേരള കാർഷികസർവകലാശാല

## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, പിലിക്കോട്

കാസറഗോഡ്-671310, rarspil@kau.in, 04672260632


ബി3-421/2025 തീയതി: 01.02.2025

## ദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ തോട്ടത്തിൽ നിന്നും കശുവണ്ടിപെറുക്കി ശേഖരിച്ച് നൽകുന്നതിന് താത്പര്യമുള്ള വ്യക്തികളിൽ നിന്നും മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **ബി2-421/2025** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | **10.02.2025, 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയതി | **10.02.2025, 3.30 മണി** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **"കശുവണ്ടി പെറുക്കുന്നതിനുള്ള ദർഘാസ്"** |
| EMD | 1500 |

- പുറത്തെഴുത്ത് കൃത്യമായി രേഖപ്പെടുത്തിയ ദർഘാസ് മേൽ സൂചിപ്പിച്ച വിലാസത്തിൽ അയക്കുകയോ എത്തിക്കുകയോ ചെയ്യേണ്ടതാണ്.
- ഒരു കിലോ കശുവണ്ടി ശേഖരിക്കുന്നതിന് എത്ര രൂപ എന്ന് രേഖപ്പെടുത്തിയ ദർഘാസ് **10.02.2025 -ന് ഉച്ചയ്ക്ക് 3.00 മണിവരെ** ഈ ഓഫീസിൽ സ്വീകരിക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസ് കവറുകൾ അന്നേ ദിവസം 3.30 മണിക്ക് അപ്പോൾ ഹാജരുള്ള ദർഘാസുകാരുടെ മുൻപാകെ തുറക്കുന്നതാണ്.
- ഏറ്റവും കുറഞ്ഞ നിരക്ക് കാണിച്ചയാളിന്റെ ദർഘാസ് ന്യായയുക്തമെന്ന് ബോധ്യപ്പെടുന്ന പക്ഷം സ്വീകരിക്കുന്നതായിരിക്കും. ഓർഡർ കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ കരാറുകാരൻ ജോലി ആരംഭിക്കേണ്ടതാണ്. മേൽപ്പറഞ്ഞ ജോലികൾ ചെയ്യേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലും നിർദ്ദേശത്തിലുമായിരിക്കണം.
- ജോലിക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ മുതലായ പാലിക്കാനുള്ള ഉത്തരവാദിത്തം പൂർണ്ണമായും കരാറുകാരന്റെതായിരിക്കും. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
- ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.

➢ ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:04672260632.

ഒപ്പ്/-
ഡോ.വനജ.ടി
അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ/കയ്യൂർ ചീമേനി, നീലേശ്വരം മുനിസിപ്പാലിറ്റി
2. ഡോ.മീര മഞ്ജുഷ.എ.വി, അസിസ്റ്റന്റ് പ്രൊഫസർ
3. ഫാം ഇൻ-ചാർജ്
4. നോട്ടീസ് ബോർഡ് ഓഫീസ്/ഫാം

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ